# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**13.12.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **4218**

**കളിമൺ വ്യവസായ മേഖലയുടെ സംരക്ഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തട നിയന്ത്രണത്തിൽ ഭേദഗതി വരുത്തിയതിനാൽ കളിമണ്ണ് ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയത് മൂലമുണ്ടായ ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) എങ്കിൽ പ്രസ്തുത നിരോധനം മൂലം നിർമ്മാണമേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതുതരം ഖനനത്തിനും പാരിസ്ഥിതികാനുമതി ബഹു.സുപ്രീം കോടതി നിർബന്ധമാക്കിയ സാഹചര്യത്തിൽ നെൽവയലുകളിൽ നിന്നും തണ്ണീർത്തടങ്ങളിൽ നിന്നും കളിമണ്ണ് ഖനനം ചെയ്യുമ്പോൾ പാരിസ്ഥിതികാഘാതം ഉണ്ടാകുമെന്ന കണ്ടെത്തലിനെ തുടർന്ന് പാരിസ്ഥിതികാനുമതിക്ക് അപേക്ഷിക്കാത്ത സാഹചര്യം നിലവിൽ ഉണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിനുള്ള പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ അപേക്ഷകരെ നിർബന്ധിക്കാവുന്നതാണ് എന്നത് മാത്രമേ നിലവിലെ സാഹചര്യത്തിൽ ഈ പ്രതിസന്ധിക്ക് പരിഹാരമാർഗ്ഗമായുള്ളൂ. |
| (സി) പ്രസ്തുത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായ മേഖലയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) പരമ്പരാഗത കളിമൺപാത്രമേഖലയെ സഹായിക്കുന്നതിനായി പ്രതിവർഷം 50 മെട്രിക് ടൺ വരെയുള്ള സാധാരണ കളിമണ്ണ് ഖനനം ചെയ്യുന്നതിന്, ഇപ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പെർമിറ്റ് സമ്പാദിക്കുന്നതിൽ നിന്നും, റോയൽറ്റി ഒടുക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. ഇവരെ പാരിസ്ഥിതികാനുമതി |

സമ്പാദിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമികളിൽ നിന്നും, പുരയിടമായി റവന്യൂ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളിൽ നിന്നും പാരിസ്ഥിതികാനുമതിയോടെ കളിമണ്ണ് ഖനനം ചെയ്യാവുന്നതാണ്.

28.12.2016 ൽ സംസ്ഥാനത്തെ ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2008 ന് മുമ്പായി നികത്തപ്പെട്ട ഭൂമിയിൽ (Paddy Land Act -ൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ) കളിമണ്ണ് ശേഖരിക്കുന്നതിന് സാധ്യതകൾ പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ ഏജൻസിയെ നിയമിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. KSREC യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ ഡാമുകളിലെ സംഭരണശേഷി കൂട്ടുന്നതിനായി അവയിൽ അടിഞ്ഞു കൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്ന ചെളി/ കളിമണ്ണ് കളിമൺപാത്ര നിർമ്മാണത്തിന് അനുയോജ്യമെങ്കിൽ ഉപയോഗ പ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ